റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്ത് അളവുകളും തൂക്കങ്ങളും നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അതാതു പ്രദേശങ്ങളിലെ ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മൂന്നു മേഖലകളിലായി രൂപീകരിച്ചിട്ടുള്ള ഫ്ളയിംഗ് സ്ക്വാഡും മിന്നൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പരിശോധന വ്യാപിപ്പിക്കുന്നതിനു വേണ്ടി പുതുതായി രണ്ട് ഫ്ളയിംഗ് സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. (ഈ സാമ്പത്തിക വർഷം ജനുവരി വരെ പാക്കേജ് കമ്മോഡിറ്റീസ് റൂൾസ് ലംഘനത്തിനെതിരെ 2104 കേസ്സുകൾ എടുത്തിട്ടുണ്ട്. 39 കേസ്സുകൾ ഇപ്പോൾ കോടതിയിൽ നിലവിലുണ്ട്.

(ഇ)&(എഫ്) അളവു തൂക്കനിയമങ്ങൾ ലംഘിച്ചവർക്കെതിരെ നടപ്പു സാമ്പത്തിക വർഷത്തിൽ ജനുവരി മാസം വരെ 11,422 കേസ്സുകൾ പിടിക്കുകയും രാജി ഫീസിനത്തിൽ 42,46,750/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ ഇക്കാര്യവും പരിഗണിക്കുന്നതാണ്.

(ഐ) പെട്രോൾ പമ്പുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ പരിശോധന കാര്യക്ഷമമാക്കുന്നതിന് എല്ലാ മാസവും ഡെപ്യൂട്ടി കൺട്രോളർ/അസിസ്റ്റന്റ് കൺട്രോളർ, ഫ്ളയിംഗ് സ്ക്വാഡ്, അസിസ്റ്റന്റ് കൺട്രോളർ എന്നിവർ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഡെപ്യൂട്ടി കൺട്രോളർ/അസിസ്റ്റന്റ് കൺട്രോളർമാർ മാസത്തിൽ 20 പമ്പുകൾ വീതമെങ്കിലും പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

18 (*438) കെൽപ്പാമിന്റെ വികസനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പനകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കെൽപ്പാം എന്ന സ്ഥാപനത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) കെൽപ്പാമിനുകീഴിൽ ശീതളപാനീയങ്ങൾ നിർമ്മിക്കുന്ന എത്ര യൂണിറ്റുകളും വിപണനത്തിനായി എത്ര സ്റ്റാളുകളും ഇപ്പോൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തുടനീളം കെൽപ്പാം ഉൽപാദിപ്പിക്കുന്ന ശീതള പാനീയങ്ങൾ ഇപ്പോഴത്തെ ഉൽപ്പാദന നിലവാരത്തിന് അനുസൃതമായി തൃപ്തികരമായ രീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പനയോലകൊണ്ടുള്ള കരകൗശല വസ്തുക്കളും ഗ്ളാസ്സും പ്ളെയിറ്റ് തുടങ്ങിയ വസ്തുകളും ഉണ്ടാക്കുന്നതിനായി കെൽപ്പാമിനുകീഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) പന ഉൽപ്പന്ന വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളി കൾക്കുവേണ്ടി കെൽപ്പാം സമർപ്പിച്ച ക്ഷേമപദ്ധതികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച പ്രായോഗികമായ നിർദ്ദേശങ്ങൾ സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച വിവര ങ്ങൾ സഹിതം ഡയറക്ടർ ബോർഡിന്റെ അംഗീകാരം തേടി സമർപ്പിക്കുവാൻ കെൽപ്പാമിന്റെ എം.ഡി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. 1996-ൽ കൊറ്റാമത്ത് സ്ഥാപിച്ച ഫെസിലിറ്റി സെന്ററിൽ ഫൈബർ യൂണിറ്റ്, ശീതളപാനീയ യൂണിറ്റ് തുടങ്ങിയവ പ്രവർത്തിച്ചുപോരുന്നു. "പാംലഹർ" എന്ന ശീതളപാനീയ ത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിൽ കൂടി ഒരു പ്ളാന്റ് ആരംഭിച്ചു. വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ പനനാര് കൊണ്ട് ബ്രഷും മറ്റു പനയുല്പന്നങ്ങളും നിർമ്മിക്കുന്നതിനായി പരിശീലന കോഴ്സു കൾ നടത്തിവരുന്നു.

(ബി) കെൽപ്പാമിന്റെ കീഴിൽ ശീതളപാനീയങ്ങൾ നിർമ്മിക്കുന്നതി നായി തിരുവനന്തപുരം ജില്ലയിൽ കൊറ്റാമത്തും കൊല്ലം ജില്ലയിൽ തെക്കേ വിളയിലുമായി ഓരോ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കെൽപ്പാമിന്റേതായ സ്റ്റാളുകളൊന്നും തന്നെ നിലവിലില്ല.

(സി) ഇല്ല; കെൽപ്പാമിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് ശീതള പാനീയ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന "പാംലഹർ" ഇപ്പോൾ 6 ജില്ലക ളിൽ മാത്രമാണ് വിപണനം നടത്തുന്നത്. കൂടുതൽ ഉല്പാദന യൂണിറ്റുകൾ സ്ഥാപിച്ച് വിപണനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കെൽപ്പാം സ്വീക രിച്ചുവരുന്നു.

(ഡി) തിരുവനന്തപുരത്ത് കൊറ്റാമത്തുള്ള ഫെസിലിറ്റി സെന്ററിൽ പനയോല കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

19 (*439) ഓർഫനേജ് ഫെസ്റ്റിന് സർക്കാർ ഗ്രാന്റ്

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly